(ബി) പുനലൂർ മണ്ഡലത്തിൽ, ആയൂർ മാവേലി മെഡിക്കൽ സ്റ്റോർ എന്നത്തേക്ക് ആരംഭിക്കും; ആയതിന്റെ നടപടികൾ എവിടെവരെയായിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇടമൺ മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റ് ആക്കുന്നതിനുവേണ്ടിയുള്ള സാദ്ധ്യതാ പഠനത്തിൽ ഒരു സൂപ്പർമാർക്കറ്റ് വാണിജ്യപരമായി ഗുണകരമായ നിലയിൽ നടത്തുന്നതിനുള്ള വിറ്റുവരവ് ലഭിക്കുമെന്ന് കാണുന്നില്ല. കൂടാതെ നിർദ്ദിഷ്ട കെട്ടിടത്തിന്റെ പണിയും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ കെട്ടിടം പൂർണ്ണമായി സജ്ജമാകുമ്പോൾ അവലോകനം നടത്തി വാണിജ്യപരമായും സാമൂഹികപരമായും ഗുണകരമാണോ എന്ന് റിപ്പോർട്ട് സമർപ്പിക്കുവാൻ റീജിയണൽ മാനേജരോട് നിർദ്ദേശിച്ചിരിക്കുകയാണ്.

(ബി) പുനലൂർ മണ്ഡലത്തിൽ, ആയൂരിൽ ടൗണിൽ തന്നെ സപ്ലൈകോ മെഡിക്കൽ സ്റ്റോർ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കണ്ണൂർ ജില്ലയിലെ തേർത്തല്ലി മാവേലി സ്റ്റോറിന്റെ പ്രവർത്തനം

108(1365) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആലക്കോട് പഞ്ചായത്തിലെ തേർത്തല്ലി കേന്ദ്രമായി സിവിൽസപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പ്രവർത്തനം ആരംഭിക്കാതിരിക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആലക്കോട് ഗ്രാമപഞ്ചായത്തിൽ നിലവിൽ സപ്ലൈകോ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് മാവേലിസ്റ്റോറുകൾ അനുവദിക്കുന്നത്. ജീവനക്കാരുടെ അഭാവം പുതിയ മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ജീവനക്കാരെ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly